"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തസ്വഭവ - മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി 2.0 - പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി രൂപീകരിക്കുന്ന ജില്ലാതല സാങ്കേതിക സമിതിയിലെ അംഗങ്ങളായ External Quality Monitor മാർക്ക് സൈറ്റ് ഇൻസ്പെക്ഷനുള്ള ഓണറേറിയവും മറ്റ് ആനുകൂല്യങ്ങളും അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയംഭരണ(പി.പി) വകുപ്പ്**

സ.ഉ.(കൈ) നം.47/2026/LSGD    തീയതി,തിരുവനന്തപുരം, 06-02-2026

---

പരാമർശം:-
1. 29.11.2024 ലെ LSGD-DB2/392/2024-LSGD-Part(1) നമ്പർ സർക്കുലർ.
2. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 15.04.2025, 29.04.2025, 18.12.2025 എന്നീ തീയതികളിലെ LSGD/PD/11216/2025-DB4 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി 2.0 യുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ടുള്ള പരാമർശം (1) സർക്കുലർ പ്രകാരം പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഒരു External technical expert, പ്രവൃത്തിയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ എന്നിവർ ഉൾപ്പെടുന്ന ജില്ലാതല സാങ്കേതിക സമിതി നിർവ്വഹിക്കേണ്ടതാണ്. External technical expert ആയി തെരഞ്ഞെടുക്കുന്നതിനായി താല്പര്യമുള്ള വിരമിച്ച സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ (പ്രസ്തുത തസ്തികയിൽ 3 വർഷം സേവനം അനുഷ്ഠിച്ചിട്ടുള്ളവർ) എന്നിവരുടെ പാനൽ തദ്ദേശ സ്വയഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ തയ്യാറാക്കേണ്ടതും പാനലിൽ ഉൾപ്പെടുന്ന External technical expert മാർ തദ്ദേശ സ്വയഭരണ വകുപ്പ് ചീഫ് എഞ്ചിനീയറിൽ നിന്ന് നിയമന ഉത്തരവ് കൈപറ്റി കരാറിൽ ഏർപ്പെടേണ്ടുന്നതുമാണ്.

2. 25 ലക്ഷം രൂപക്ക് മുകളിലുള്ള മുഴുവൻ പ്രവൃത്തികളും, 25 ലക്ഷം രൂപയിൽ താഴെയുള്ള പ്രവൃത്തികളിൽ ഓരോ ജില്ലയിലെയും 25 % പ്രവൃത്തികൾ സോഫ്റ്റ് വെയർ മുഖേനയുള്ള random selection വഴിയും ക്വാളിറ്റി മോണിറ്ററിംഗ് -ന് വിധേയമാക്കേണ്ടതാണ്.

കൂടാതെ പ്രവൃത്തികൾ പുരോഗമിക്കുന്ന വേളയിലും, പൂർത്തീകരണ വേളയിലും പരിശോധനകൾ നടത്തേണ്ടതും ഓരോ മാസത്തിലേയും അവസാന ദിവസത്തിനുള്ളിൽ പൂർത്തീകരണം റിപ്പോർട്ട് ചെയ്യപ്പെടുന്ന പ്രവൃത്തികൾ തൊട്ടടുത്ത മാസത്തിൽ പരിശോധന ചെയ്ത് 10 ദിവസത്തിനുള്ളിൽ റിപ്പോർട്ട് വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യേണ്ടതുമാണ്.

3. തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി രൂപീകരിക്കുന്ന ജില്ലാതല സാങ്കേതിക സമിതിയിലെ അംഗങ്ങളായ **External Quality Monitor** മാർക്ക് സൈറ്റ് ഇൻസ്പെക്ഷനുള്ള ഓണറേറിയവും മറ്റ് ആനുകൂല്യങ്ങളും അനുവദിക്കുന്നത് സംബന്ധിച്ച് പരാമർശം (2) ലെ കത്തുകൾ പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ ശിപാർശയും വിശദാംശങ്ങളും സമർപ്പിച്ചിരുന്നു.

4. **External Quality Monitor** മാർക്കുള്ള ഓണറേറിയവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായി **Modernization, Computerization and Capacity Building Program** നായി ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും സമർപ്പിച്ചിരിക്കുന്ന 3.87 കോടി രൂപയുടെ ബജറ്റ് പ്രൊപ്പോസലിൽ തൻവർഷം 65 ലക്ഷം രൂപ ഇതിലേക്കായി വകയിരുത്തിയിട്ടുണ്ടെന്നും ജില്ലാതല സാങ്കേതിക സമിതിയിലേക്ക് സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ / എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള **External Quality Monitor** മാരുടെ പാനൽ ആണ് രൂപീകരിക്കുന്നതെന്നും, പ്രസ്തുത സമിതിയുടെ പ്രാധാന്യം, അധികാരപരിധി, അംഗങ്ങളുടെ പദവി എന്നിവ പരിഗണിച്ചും കേരളാ സർവ്വീസ് റൂൾസ് ഭാഗം -II ചട്ടം 111 ലെ (i), (ii)വ്യവസ്ഥകൾ പ്രകാരം **External Quality Monitor** മാരെ ഒന്നാം ക്ലാസ് ആയി പരിഗണിക്കാവുന്നതിനാൽ പ്രസ്തുത സമിതിയെ ഒന്നാം ക്ലസ്സിലാണ് ഉൾപ്പെടുത്തേണ്ടുന്നതെന്ന് ചീഫ് എഞ്ചിനീയർ അറിയിച്ചിരുന്നു.

6. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു, മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി 2.0 ൽ ഉൾപ്പെട്ട പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി രൂപീകരിക്കുന്ന ജില്ലാതല സാങ്കേതിക സമിതിയിലെ അംഗങ്ങളായ **External Quality Monitor** മാർക്ക് സൈറ്റ് ഇൻസ്പെക്ഷന് ചുവടെ ചേർത്തിരിക്കുന്ന നിബന്ധനകൾക്ക് വിധേയമായി ഓണറേറിയവും മറ്റ് ആനുകൂല്യങ്ങളും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. <u>**External Quality Monitor** മാർക്കുള്ള ഓണറേറിയം -</u> 2 Km വരെ നീളമുള്ള റോഡുകളിൽ

ഒരു തവണ സന്ദർശനം നടത്തുന്നതിന് **2000** രൂപയും, **2 Km** ൽ അധികമായി വരുന്ന ഓരോ **1** കിലോമീറ്ററിനും **500** രൂപ നിരക്കിൽ അധികമായും, പരമാവധി പ്രതിമാസം **60,000/-** രൂപയായി നിജപ്പെടുത്തി ഏതാണോ കുറവ് എന്ന രീതിയിൽ ഓണറേറിയം അനുവദിക്കാവുന്നതാണ്.

**2 .** <u>**External Quality Monitor** മാർക്കുള്ള യാത്രാബത്ത -</u> മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി **2.0** ലെ പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനായി രൂപീകരിക്കുന്ന ജില്ലാതല സാങ്കേതിക സമിതിയെ അതിന്റെ പ്രാധാന്യം, അധികാരപരിധി, അംഗങ്ങളുടെ മൊത്തത്തിലുള്ള യോഗ്യതാമാനം എന്നിവയുടെ അടിസ്ഥാനത്തിൽ ഒന്നാം ക്ലാസ്സ് ആയി പരിഗണിച്ച് കേരളാ സർവ്വീസ് റൂൾസ് ഭാഗം **-II** ചട്ടം **111 (ii)** ലെ വ്യവസ്ഥകൾ അനുസരിച്ച് യാത്രാബത്ത അനുവദിക്കാവുന്നതാണ്.**ജില്ല മാറി നിയമനം ലഭിക്കുമ്പോൾ വേണ്ടി വരുന്ന യാത്രയ്ക്ക് ട്രാൻസിറ്റ് അലവൻസ് അനുവദിക്കുന്നതല്ല.**

**3 .** <u>**External Quality Monitor**-മാർക്കുള്ള ലോഡ്ജിങ് അലവൻസ് -</u> പ്രവൃത്തികളുടെ പരിശോധനയ്ക്കായി **External Quality Monitor**-മാർക്ക് താമസ സൗകര്യം ആവശ്യമായ വരുന്ന സാഹചര്യത്തിൽ **PWD** റെസ്റ്റ് ഹൗസിലോ ഗവൺമെന്റ് ഗസ്റ്റ് ഹൗസിലോ താമസിക്കാവുന്നതും താമസത്തിനായി ചെലവാകുന്ന തുക ബില്ലിന്റെ അടിസ്ഥാനത്തിൽ റീഇമ്പേഴ്സ് ചെയ്തു നൽകാവുന്നതാണ്. **PWD** റെസ്റ്റ് ഹൗസിലോ ഗവൺമെന്റ് ഗസ്റ്റ് ഹൗസിലോ താമസം ലഭ്യമാകാത്ത സാഹചര്യത്തിലും മറ്റു താമസ സൗകര്യം ഉപയോഗിക്കുകയാണെങ്കിലും ഏറ്റവും അടുത്തുള്ള **PWD** റെസ്റ്റ് ഹൗസിലെ നിരക്കുകൾ പ്രകാരം റീഇമ്പേഴ്സ് ചെയ്തു നൽകാവുന്നതാണ്. ലോഡ്ജിങ് അലവൻസ് ഇനത്തിൽ തുക അനുവദിക്കുന്ന സാഹചര്യത്തിൽ യാത്രബത്തയുടെ ഭാഗമായി ദിനബത്ത ക്ലെയിം ചെയ്യുകയാണെങ്കിൽ കേരള സർവ്വീസ് റൂൾസ് ഭാഗം-**II** ചട്ടങ്ങളിലെ വ്യവസ്ഥകൾ അനുസരിച്ച് ആനുപാതികമായ കിഴിവ് വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീത.കെ.എസ്.
അഡിഷണൽ സെക്രട്ടറി

**<u>പകർപ്പ് -</u>**

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്.
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്.

ധനകാര്യ വകുപ്പ്
ട്രഷറി ഡയറക്ടർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള,തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
വിവര - പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Manju L S
Date: 06-02-2026 14:33:21

സെക്ഷൻ ഓഫീസർ